# ഓമനത്തിങ്കൾക്കിടാവോ

*ഓമനത്തിങ്കൾക്കിടാവോ ? നല്ല*
*കോമളത്താമരപ്പൂവോ ?*

*പൂവിൽ നിറഞ്ഞ മധുവോ ? പരി -*
*പൂർണേന്ദു തന്റെ നിലാവോ ?*

*പുത്തൻ പവിഴക്കൊടിയോ ? ചെറു -*
*തത്തകൾ കൊഞ്ചും മൊഴിയോ ?*

*ചാഞ്ചാടിയാടും മയിലോ ? മൃദു -*
*പഞ്ചമം പാടും കുയിലോ ?*

*തുള്ളുമിളമാൻ കിടാവോ ? ശോഭ -*
*കൊള്ളുന്നോരന്നക്കൊടിയോ ?*

*ഈശ്വരൻ തന്ന നിധിയോ ? പര -*
*മേശ്വരിയേന്തും കിളിയോ ?*

*പാരിജാതത്തിൻ തളിരോ ? എന്റെ*
*ഭാഗ്യദ്രുമത്തിൻ ഫലമോ ?*

*വാത്സല്യരത്നത്തെ വയ്പ്പാൻ മമ*
*വാച്ചോരു കാഞ്ചനച്ചെപ്പോ ?*

ദൃഷ്ടിക്കു വെച്ചോരമൃതോ ? കൂരി -
രുട്ടത്തു വെച്ച വിളക്കോ ?

കീർത്തിലതയ്ക്കുള്ള വിത്തോ ? എന്നും
കേടു വരാതുള്ള മുത്തോ ?

ആർത്തി തിമിരം കളവാൻ ഉള്ള
മാർത്താണ്ഡ ദേവ പ്രഭയോ ?

സൂക്തിയിൽ കണ്ട പൊരുളോ ? അതി -
സൂക്ഷ്മമാം വീണാരവമോ ?

വമ്പിച്ച സന്തോഷവല്ലി തന്റെ
കൊമ്പത്തു പൂത്ത പൂവല്ലി ?

പിച്ചകത്തിൻ മലർ ചെണ്ടോ ? നാവി -
ന്നിച്ഛ നൽകുന്ന കൽക്കണ്ടോ ?

കസ്തൂരി തന്റെ മണമോ ? പേർത്തും
സത്തുകൾക്കുള്ള ഗുണമോ ?

പൂമണമേറ്റോരു കാറ്റോ ? ഏറ്റം
പൊന്നിൽ കലർന്നോരു മാറ്റോ ?

കാച്ചിക്കുറുക്കിയ പാലോ ? നല്ല
ഗന്ധമെഴും പനിനീരോ ?

നന്മ വിളയും നിലമോ ? ബഹു -
ധർമ്മങ്ങൾ വാഴും ഗൃഹമോ ?

ദാഹം കളയും ജലമോ ? മാർഗ്ഗ -
ഖേദം കളയും തണലോ ?

വാടാത്ത മല്ലികപ്പൂവോ ? ഞാനും
തേടിവെച്ചുള്ള ധനമോ ?

കണ്ണിന്നു നല്ല കണിയോ ? മമ
കൈവന്ന ചിന്താമണിയോ ?

ലാവണ്യപുണ്യ നദിയോ ? ഉണ്ണി
ക്കാർവർണ്ണൻ തന്റെ കളിയോ ?

ലക്ഷ്മീഭഗവതി തന്റെ തിരു -
നെറ്റി മേലിട്ട കുറിയോ ?

എന്നുണ്ണികൃഷ്ണൻ ജനിച്ചോ പാരി -
ലിങ്ങനെ വേഷം ധരിച്ചോ ?

പദ്മനാഭൻ തൻ കൃപയോ ? മുറ്റും
ഭാഗ്യം വരുന്ന വഴിയോ ?

**ഇരയിമ്മൻ തമ്പി**

✠ ✠ ✠ ✠ ✠ ✠ ✠ ✠